# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2126** | **11/06/2018-ൽ മറുപടിക്ക്**

### നിപ വൈറസ് പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | നിപ വൈറസ് മൂലമുള്ള മരണനിരക്ക് വർദ്ധിക്കുമ്പോഴും രോഗം നിയന്ത്രണവിധേയമാണെന്ന് ആരോഗ്യ വകുപ്പ് നിലപാട് സ്വീകരിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ ; | എ) | ആദ്യത്തെ രോഗിയിൽ നിന്നു മാത്രമാണ് മറ്റുള്ളവരിലേയ്ക്ക് രോഗം ബാധിച്ചത് എന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. മാത്രവുമല്ല 30/05/2018 ന് ശേഷം നാളിതുവരെ പുതുതായി ഒരു കേസു പോലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് രോഗം നിയന്ത്രണവിധേയമാണെന്ന നിലപാട് ആരോഗ്യവകുപ്പ് സ്വീകരിച്ചത്. |
| ബി) | സംസ്ഥാനത്ത് ഈ വൈറസ് ബാധ സംശയിക്കുന്ന എത്ര പേർ നിരീക്ഷണത്തിലാണെന്ന് വ്യക്തമാക്കുമോ; | ബി) | 5/6/2018-ന് വൈകിട്ട് 5 മണി വരെയുള്ള കണക്ക് പ്രകാരം 2285 പേർ നിരീക്ഷണത്തിലാണ്. |
| സി) | ഈ വൈറസ് സംസ്ഥാനത്ത് പടരുവാനുണ്ടായ സാഹചര്യം കണ്ടെത്തിയിട്ടുണ്ടോ; നമ്മുടെ ആശുപത്രികളിൽ തന്നെ രോഗം പകരുവാനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടോ; | സി) | ഇതു സംബന്ധിച്ച് വിദഗ്ധ സംഘത്തിന്റെ പഠനം നടന്നുകൊണ്ടിരിക്കുകയാണ്. ആദ്യഘട്ടത്തിൽ ആശുപത്രിയിൽ നിന്ന് രോഗം പകരുകയുണ്ടായെങ്കിലും തുടർന്ന് ഈ സാഹചര്യം ഉണ്ടായിട്ടില്ല. |
| ഡി) | ഇത്തരത്തിൽ ആശുപത്രികളിൽ നിന്നും മറ്റൊരാൾക്ക് രോഗം പകരാതിരിക്കുന്നതിനുള്ള എന്തെങ്കിലും ക്രമീകരണം സംസ്ഥാനത്തെ ആശുപത്രികളിൽ നിലവിലുണ്ടോ; | ഡി) | നിലവിലുണ്ട്. |
| ഇ) | നിപ വൈറസിന് മരുന്ന് കണ്ടെത്തുവാനുള്ള ശ്രമം തുടങ്ങുവാൻ ആലോചനയുണ്ടോ; വിശദാംശം നൽകുമോ; ആരുടെയൊക്കെ സഹകരണത്തിലാണ് ഈ സംരംഭമെന്ന് വ്യക്തമാക്കുമോ? | ഇ) | ആലോചനയിലുണ്ട്. WHO,ICMR, Manipal വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവരുടെ സഹകരണത്തിലാണ് ഈ സംരംഭം തുടങ്ങാൻ പോകുന്നത്. |

**സെക്ഷൻ ഓഫീസർ**